**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2643** **17-03-2022 - ൽ മറുപടിയ്ക്ക്**

**ഊർജ്ജക്ഷമതാ പരിശോധന സംവിധാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ്,<br>ശ്രീ. പി. ജെ. ജോസഫ്,<br>ശ്രീ. അനൂപ് ജേക്കബ് ,<br>ശ്രീ. മാണി. സി. കാപ്പൻ | | null<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ സർക്കാർ, അർദ്ധ സർക്കാർ, സ്വകാര്യ വ്യവസായ ശാലകളിലെ യന്ത്രസംവിധാനത്തിന്റെ ഊർജ്ജക്ഷമത പരിശോധിക്കാനും ക്ഷമത കുറഞ്ഞവയുടെ ന്യൂനതകൾ പരിഹരിക്കാനും ഏർപ്പെടുത്തിയിട്ടുള്ള പരിശോധന സംബന്ധിച്ച വിശദവിവരം നൽകാമോ; | (എ) | കേരളത്തിൽ എല്ലാ വൻകിട ഊർജ്ജ ഉപഭോക്താക്കൾക്കും (HT&EHTകൺസ്യൂമേഴ്സ്) 01/01/2011 ലെ സ.ഉ(സാധാ)നം.2/2011/ഊ.വ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഊർജ്ജ ഓഡിറ്റ് നിർബന്ധമാക്കിയിട്ടുണ്ട്. എല്ലാ HT, EHT വിഭാഗത്തിൽ വരുന്ന സർക്കാർ അർദ്ധ സർക്കാർ, സ്വകാര്യ വ്യവസായ ശാലകളും മേല്പറഞ്ഞ ഉത്തരവ് പാലിക്കേണ്ടതുണ്ട്. നിയുക്ത ഉപഭോക്താക്കൾ ഒഴികെ എല്ലാ വൻകിട വൈദ്യുത ഉപഭോക്താക്കൾക്കും ഊർജ്ജ ഓഡിറ്റ് നടത്തുന്നതിന് 49 ഊർജ്ജ ഓഡിറ്റ് സ്ഥാപനങ്ങളുടെ പട്ടിക തയ്യാറാക്കി എനർജി മാനേജ്മെന്റ് സെന്ററിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട് ഇ.എം.സി ഊർജ്ജ ഓഡിറ്റിന്റെ മേൽനോട്ടവും, ഊർജ്ജ ഓഡിറ്റ് റിപ്പോർട്ട് പരിശോധിച്ച് ഗുണ നിലവാരം ഉറപ്പ് വരുത്തുകയും ചെയ്യുന്നു. ഊർജ്ജ സംരക്ഷണം നടത്തുന്നതിന്റെയും ഊർജ്ജ നഷ്ടം പരിശോധിക്കുന്നതിന്റെയും പ്രാരംഭ നടപടിയായ എനർജി ഓഡിറ്റ് 17 സ്ഥാപനങ്ങളിൽ കെ.എസ്.ഇ.ബി.എൽ നടത്തുകയുണ്ടായി. ഗവൺമെന്റ് മെഡിക്കൽ കോളേജ്, തിരുവനന്തപുരം, ദക്ഷിണ വ്യോമ കമാൻഡ്, തിരുവനന്തപുരം, കേരള യൂണിവേഴ്സിറ്റി, കാര്യവട്ടം, കോഴിക്കോട് ജില്ലാ സഹകരണ ആശുപത്രി തുടങ്ങിയ ഹൈ ടെൻഷൻ ഉപഭോക്താക്കളും ജില്ലാ പഞ്ചായത്ത് ഓഫീസ്, തിരുവനന്തപുരം, മിൽമ ഭവൻ, മൈനിങ് ജിയോളജി വകുപ്പ്, ഡയറക്ടേറ്റ് ഓഫ് അനിമൽ ഹസ്ബൻഡറി തുടങ്ങിയ ലോ ടെൻഷൻ ഉപഭോക്താക്കളും ഇതിൽ ഉൾപ്പെടുന്നു. |
| (ബി) | ഇതുമായി ബന്ധപ്പെട്ട് ഫാക്ടറികളുടെ പ്രതിമാസ വൈദ്യുതി ഉപഭോഗത്തിലെ പ്രകടമായ | (ബി) | വ്യവസായശാലകളിൽ ഉപയോഗിക്കുന്ന യന്ത്രസംവിധാനത്തിന്റെ ഊർജ്ജക്ഷമത |

| | | | |
|---|---|---|---|
| | ഏറ്റക്കുറച്ചിലുകൾ പരിശോധിക്കാൻ വൈദ്യുതി ബോർഡിൽ എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ; വിശദമാക്കാമോ; | | നിർണ്ണയിക്കുന്നതിന്റെ ഘടകങ്ങളിലൊന്നായ പവർ ഫാക്ടർ വൈദ്യുതി കണക്ഷൻ നൽകുന്നതിനു മുൻപ് പരിശോധിക്കുകയും, തുടർന്ന് ഊർജ്ജക്ഷമത ഉറപ്പു വരുത്തുന്നതിന് പ്രതിമാസ റീഡിംഗ് എടുക്കുമ്പോൾ പവർ ഫാക്ടർ പരിശോധിക്കുകയും പവർ ഫാക്ടർ കുറവുള്ളവയ്ക്ക് യന്ത്രങ്ങളിൽ ശരിയായ അളവിലുള്ള കപ്പാസിറ്ററുകൾ സ്ഥാപിച്ച് ആയതു പരിഹരിക്കാൻ നോട്ടീസ് നൽകുകയും ചെയ്യാറുണ്ട്. മികച്ച പവർ ഫാക്ടർ നിലനിർത്തുന്ന ഉപഭോക്താക്കൾക്ക് കെ.എസ്.ഇ.ആർ.സി നിശ്ചയിച്ച നിരക്കിലുള്ള ഇൻസെന്റീവ് വൈദ്യുതി ബില്ലിലൂടെ നൽകുകയും ചെയ്തു വരുന്നു. |
| (സി) | ഇത്തരത്തിൽ വൈദ്യുത ഉപഭോഗത്തിൽ വ്യവസായ ശാലകളുടെ പങ്ക് എത്രയെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ കണ്ടെത്തലുകൾ സംബന്ധിച്ച വ്യക്തമാക്കാമോ; | (സി) | വ്യവസായശാലകളിൽ ഉപയോഗിക്കുന്ന യന്ത്രസംവിധാനത്തിന്റെ ഊർജ്ജക്ഷമത നിർണ്ണയിക്കുന്നതിന്റെ ഘടകങ്ങളിലൊന്നായ പവർ ഫാക്ടർ വൈദ്യുതി കണക്ഷൻ നൽകുന്നതിനു മുൻപ് പരിശോധിക്കുകയും, തുടർന്ന് ഊർജ്ജക്ഷമത ഉറപ്പു വരുത്തുന്നതിന് പ്രതിമാസ റീഡിംഗ് എടുക്കുമ്പോൾ പവർ ഫാക്ടർ പരിശോധിക്കുകയും പവർ ഫാക്ടർ കുറവുള്ളവയ്ക്ക് യന്ത്രങ്ങളിൽ ശരിയായ അളവിലുള്ള കപ്പാസിറ്ററുകൾ സ്ഥാപിച്ച് ആയതു പരിഹരിക്കാൻ നോട്ടീസ് നൽകുകയും ചെയ്യാറുണ്ട്. മികച്ച പവർ ഫാക്ടർ നിലനിർത്തുന്ന ഉപഭോക്താക്കൾക്ക് കെ.എസ്.ഇ.ആർ.സി നിശ്ചയിച്ച നിരക്കിലുള്ള ഇൻസെന്റീവ് വൈദ്യുതി ബില്ലിലൂടെ നൽകുകയും ചെയ്തു വരുന്നു. |
| (ഡി) | ഏതെങ്കിലും മേജർ വ്യവസായ സ്ഥാപനങ്ങൾ വൈദ്യുതി ബോർഡ് ലഭ്യമാക്കുന്ന വൈദ്യുതിയോടൊപ്പം സ്വയം ഉല്പാദിപ്പിക്കുന്ന വൈദ്യുതി ഉപയോഗിക്കുന്നുണ്ടോ; വിശദമാക്കാമോ; | (ഡി) | താഴെപ്പറയുന്ന മേജർ വ്യവസായ സ്ഥാപനങ്ങൾ വൈദ്യുതി ബോർഡ് ലഭ്യമാക്കുന്ന വൈദ്യുതിയോടൊപ്പം ബ്രാക്കറ്റിൽ കാണിച്ചിട്ടുള്ള വൈദ്യുതി സ്വയം ഉത്പാദിപ്പിക്കുന്നു. 1. Indian Rare Earth (0.06 MW) 2. Kerala Water Authority (0.025 MW) 3. M/s. Palm Fibre (India) Pvt. Ltd. (0.083 MW) 4. Sprint Technology’s Pvt. Ltd. (0.22 MW) 5. Malappuram Roller Flour Mills (0.18 MW) 6. Akay Flavours & Aromatics Pvt. Ltd. (0.08 MW) 7. Mayithara Home Décor (0.12 MW) 8. PDDP Central Society, Kalady (0.05 MW) 9. BEML Ltd., Palakkad Project (0.05 MW) 10. Indian Products Ltd., Palakkad (0.24 MW) 11. Mothers’s Agro Foods Pvt. Ltd. (0.5 MW) 12. William Good Care & Sons India Ltd. (0.3 MW) 13. Aluminium Industries Ltd. (0.015 MW) 14. Nalakath Granites (0.99 MW) 15. Kerala Water Authority (0.1 MW) 16. Janatha Charitable Society (0.198 MW) 17. Veekesy |

| | | | |
|---|---|---|---|
| | | | Elastomers (0.25 MW) 18. Koncor Ingredients Ltd., South Angamaly (0.212 MW) 19. Kerala Water Authority (0.04 MW) 20. Arbee Aquatic Proteins Pvt. Ltd. (0.05 MW) 21. Aqua Star (0.03 MW) 22. Hibi One Ice Plant (0.1 MW) 23. Poornna Printer & Publishing House (0.05 MW) 24. Hindustan Uni Lever Ltd. (0.008 MW) 25. Neelambari Exports (0.0375 MW) 26. Blissful Garments Pvt. Ltd. (0.05 MW) 27. M/s. Unistone Pavers & Blocks Pvt. Ltd. (0.05 MW) 28. Malayala Manorama Works Unit, Kodimatha (0.005 MW) 29. M/s. Wave Online Infoway Pvt. Ltd. (0.05MW) 30. KWA, Clear Water Pump House, Aruvikkara (0.05 MW) 31. Hindalco (3 MW) 32. ANERT (2 MW) 33. CIAL (39.4 MW) 34. KMRL (5.395 MW) ആകെ 53.9885 MW |
| (ഇ) | ചെറുകിട സംരംഭങ്ങൾക്ക് വൈദ്യുതി താരിഫ് മാറ്റുന്നതിനുള്ള നിബന്ധന വിശദമാക്കാമോ? | (ഇ) | അപേക്ഷ നൽകുന്ന മുറയ്ക്ക് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പരിശോധിച്ച് വ്യാവസായിക ഉപയോഗത്തിനാണെന്നു ബോധ്യപ്പെട്ടതിനു ശേഷം താരിഫ് മാറ്റി നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ